ബേക്കൽ ടൂറിസം വികസനത്തിന് ബി.ആർ.ഡി.സി. പ്രവർത്തനം

10 [988] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.ആർ.ഡി.സി. മുഖേന ബേക്കൽ ടൂറിസം വികസനത്തിനുവേണ്ടി നടന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം വികസനത്തിന് ആവശ്യമായ മുഖ്യഅടിസ്ഥാന സൗകര്യമായ 70 ലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തിയാക്കി ഭാഗികമായി കമ്മീഷൻ ചെയ്തു.

വലിയ പറമ്പയിൽ നാല് ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തി വിനോദസഞ്ചാരികൾക്കു വേണ്ടിയുള്ള ഹൗസ്ബോട്ട് പദ്ധതി നടപ്പിലാക്കി.

ബി.ആർ.ഡി.സി. ഏറ്റെടുത്ത ബേക്കൽ ഫോർട്ട് ബീച്ചിന്റെ സൗന്ദര്യവൽക്കരണത്തിന് ആവശ്യമായ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ലാന്റ് സ്കേപ്പിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിവരുന്നു.

റിസോർട്ടുകളുടെ നിർമ്മാണത്തിനായി 5.282 ഹെക്ടർ ഭൂമി കൂടി ഏറ്റെടുത്തിട്ടുണ്ട്.

ബി.ആർ.ഡി.സി. നേരിട്ട് ടെൻഡർ ക്ഷണിച്ചതനുസരിച്ച് ഉയർന്ന വാർഷിക പാട്ടം വാഗ്ദാനം ചെയ്ത താഴെപ്പറയുന്ന ഹോട്ടൽ ഗ്രൂപ്പുകൾക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ റിസോർട്ടു സൈറ്റുകൾ കൈമാറുന്നതു സംബന്ധിച്ച് ലൈസൻസ് ഡീഡ് ഒപ്പുവച്ചു കഴിഞ്ഞു. തുടർന്ന് രണ്ട് വർഷത്തിനകം നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി ഹോട്ടലുകൾ പ്രവർത്തനക്ഷമമാക്കണമെന്നാണ് വ്യവസ്ഥ.

1. ഭാരത് ഹോട്ടൽസ്, ന്യൂ ഡൽഹി.
2. ഹോളിഡേ ഗ്രൂപ്പ്, ഷാർജ.
3. ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ.

തൃശ്ശൂർ ജില്ലയിൽ ഡി.ടി.പി.സി. പദ്ധതികൾ

11 [989] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഡി.ടി.പി.സി. ഇപ്പോൾ ഏറ്റെടുത്ത് നടത്തിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൃപ്രയാറിൽ കനോലി കനാലിന്റെ കിഴക്കുഭാഗത്ത് ആരംഭിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് സർക്കാർ ഇതുവരെ നൽകിയ സഹായം എത്ര;

(ഡി) ഇതിനുവേണ്ടി താന്നൂം ഗ്രാമപഞ്ചായത്ത് ഡി.ടി.പി.സി.-ക്ക് നൽകിയ സ്ഥലം എത്രയാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly